"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -ശ്രീ എ .ഷാജഹാൻ IAS(റിട്ട), മുൻ കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ - ആർജിത അവധിയുടെയും പരിവർത്തിത അവധിയുടെയും ടെർമിനൽ സറണ്ടർ ആനുകൂല്യം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം)വകുപ്പ്**

സ.ഉ.(സാധാ) നം.1388/2026/LSGD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-

1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 24.03.2026 തീയതിയിലെ A1/33/2024-SEC നമ്പർ കത്ത്.
2. 12.03.2026 ലെ സ.ഉ (എം.എസ്)നം.85/2026/LSGD

**ഉത്തരവ്**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ആയിരുന്ന ശ്രീ.എ.ഷാജഹാൻ IAS(റിട്ട)ന് ആർജിത അവധിയുടെയും പരിവർത്തിത അവധിയുടെയും ടെർമിനൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശ പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) ശ്രീ.ഷാജഹാൻ IAS (റിട്ട) ന്റെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറായുള്ള നിയമനം, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പുനർ നിയമനമല്ല മറിച്ച് പുതിയ നിയമനമാണെന്നു കണക്കാക്കി ലീവ്, LTC മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്കായി പരിഗണിക്കാവുന്നതാണ് എന്ന് വ്യക്തമാക്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) 1954 ലെ ഹൈക്കോടതി ജഡ്ജിമാർ (ശമ്പളവും സേവന വ്യവസ്ഥകളും) നിയമത്തിലെ സെക്ഷൻ 4A പ്രകാരം, ഒരു ജഡ്ജിക്ക് തന്റെ വിരമിക്കൽ സമയത്ത് ക്രെഡിറ്റിലുള്ള ആർജിത അവധിക്ക് പകരമായി, പൂർണ്ണ അലവൻസുകളോട് കൂടിയ അവധി ശമ്പളം പണമാക്കി മാറ്റാൻ (Leave encashment) അർഹതയുണ്ട്. ഇതിനായി ഹൈക്കോടതി ജഡ്ജിയായുള്ള കാലയളവിന് പുറമെ,കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കീഴിൽ പെൻഷന് അർഹതയുള്ള തസ്തികകളിൽ സേവനമനുഷ്ഠിച്ച കാലയളവോ പുനർനിയമന കാലയളവോ ഉണ്ടെങ്കിൽ അതും കൂടി ഉൾപ്പെടുത്തിയുള്ള മുഴുവൻ സർവ്വീസും കണക്കിലെടുക്കും.എന്നാൽ 1955

ലെ അഖിലേന്ത്യാ സർവ്വീസ് (അവധി) നിയമങ്ങൾക്ക് വിധേയമായി ഇത്തരത്തിൽ പണമാക്കാവുന്ന പരമാവധി അവധി കാലയളവ് 300 ദിവസമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

4) മേൽ നിയമസാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ എ .ഷാജഹാൻ IAS (Rtd) മുൻപ് തന്റെ ഔദ്യോഗിക സേവന കാലയളവിൽ സറണ്ടർ ചെയ്ത അവധി ദിവസങ്ങളും ,ഇപ്പോൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ പദവിയിൽ നിന്ന് വിരമിക്കുമ്പോൾ സറണ്ടർ ചെയ്യുന്ന അവധി ദിവസങ്ങളും ഉൾപ്പെടെ ആകെ 300 ദിവസത്തിൽ കവിയരുത് എന്ന കർശന വ്യവസ്ഥയ്ക്ക് വിധേയമായി, ടിയാന്റെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായിരുന്ന കാലയളവിലെ ക്രഡിറ്റിലുള്ള ആർജിതാവധി (Earned Leave), അർദ്ധവേതനാവധി (Half Pay Leave) എന്നിവ നിബന്ധനകൾക്ക് വിധേയമായി ടെർമിനൽ സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ് :-
സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
ശ്രീ എ .ഷാജഹാൻ IAS (Rtd), കേരള സംസ്ഥാന മുൻ തെരഞ്ഞെടുപ്പ് കമ്മീഷൻ
അക്കൗണ്ടന്റ് ജനറൽ(എ&ഇ /ഓഡിറ്റ്) തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് &ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Smitha. L
Date: 28-07-2026
22:53:38
സെക്ഷൻ ഓഫീസർ